# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത                                        24-02-2016 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 3222

## വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് നടത്തിയ അനുബന്ധ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; അടിയന്തരമായി എത്ര പേർക്ക് തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട് ; | (എ) | വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ അനുബന്ധ വികസന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.<br>1. വെള്ളം<br>3.3 എം.എൽ.ഡി ശേഷിയുള്ള പ്ലാന്റ് നിർമ്മാണം പൂർത്തിയാക്കി കമ്മിഷൻ ചെയ്തു. ഇതിൽ നിന്നും തദ്ദേശീയരുടെ കുടിവെള്ള ആവശ്യങ്ങളും നിർവ്വഹിക്കപ്പെടുന്നു.<br>2. വൈദ്യുതി<br>പ്രസരണ ശൃംഖലയുടെ നിർമ്മാണം പുരോഗമിക്കുന്നു .<br>യന്ത്രവൽകൃത ഡ്രെഡ്ജിംഗും ബ്രേക്ക് വാട്ടറിലേക്കുള്ള റോഡുമാണ് നിലവിൽ നടക്കുന്ന മുഖ്യ നിർമ്മാണ പ്രവർ ത്തനങ്ങൾ. അതിന് അനുപാതമായി 197 പേർക്ക് നിർമ്മാണ മേഖലയിൽ തൊഴിൽ ലഭിക്കുന്നുണ്ട്. ഈ മേഖലയിൽ നിർമ്മാണം പുരോഗമിക്കുന്നതനുസരിച്ച് തൊഴിലവസരങ്ങൾ കൂടുന്നതാണ്. തുറമുഖ നടത്തിപ്പുമായി ബന്ധപ്പെട്ട തൊഴിലവസരങ്ങൾ, അനുബന്ധ വികസന രംഗത്തുള്ള തൊഴിലവസരങ്ങൾ ഇവ തുറമുഖം പ്രാവർത്തികമാകുന്ന മുറയ്ക്ക് ലഭ്യമാകും. |
| (ബി) കേരളത്തിലെ മറ്റേതെങ്കിലും തുറമുഖ വികസനവുമായി ബന്ധപ്പെട്ട് പുതിയ വികസന പദ്ധതി ആരംഭിക്കുവാൻ സാധിച്ചിട്ടുണ്ടോ ? | (ബി) | തുറമുഖ വികസനത്തിന്റെ ഭാഗമായി തുറമുഖങ്ങളിൽ കൂടിയുള്ള കയറ്റിറക്കുമതി പ്രവർത്തനങ്ങൾ സൗകര്യപ്രദമാക്കുന്നതിനുള്ള എല്ലാവിധ ആധുനിക സജ്ജീകരണങ്ങളും ഏറെക്കുറെ ഏർപ്പെടുത്തുകയും കൂടുതൽ സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ കേരളത്തിലെ തുറമുഖങ്ങളിലൂടെ പാസഞ്ചർ സർവ്വീസ് നടത്തുന്നതിന് ആവശ്യമായ നടപടികളും |

പൊന്നാനി തുറമുഖം പി.പി.പി മോഡലിൽ വികസിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൊല്ലം പോർട്ടിൽ ഒരു സിമെന്റ് ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശത്തിന് അംഗീകാരം നൽകിയിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ